പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6077 2.04.2018 ലെ മറുപടിക്ക്

**കയർ തൊഴിലാളിക്ഷേമ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ കാലയളവിൽ കയർ തൊഴിലാളിക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി സർക്കാർ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12/2017 വരെ കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി അനുവദിച്ച തുകയുടേയും പദ്ധതികളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) **കയർ തൊഴിലാളി പെൻഷൻ:-** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിമാസം 600 രൂപയായിരുന്ന കയർ തൊഴിലാളി പെൻഷൻ 01/06/2016 പ്രാബല്യത്തിൽ 1000 രൂപയായും തുടർന്ന് 01/04/2017 പ്രാബല്യത്തിൽ 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 100 രൂപയായിരുന്ന പ്രതിമാസ കുടുംബ പെൻഷൻ 01/11/2016 പ്രാബ്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള 68000 പെൻഷൻകാർക്കും 11/2017 വരെയുള്ള കയർ തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സർക്കാർ 129.83 കോടി രൂപ ഇക്കാലയളവിൽ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.<br>2) **വിരമിക്കൽ ആനുകൂല്യം:-** അസംഘടിത മേഖലയിലെ കയർ തൊഴിലാളികൾക്കും 20 വർഷത്തെ മുൻകാല പ്രാബല്യത്തോടെ വിരമിക്കൽ ആനുകൂല്യം അനുവദിച്ചു 01/10/1997 മുതൽ ക്ഷേമനിധിയിൽ നിന്നും വിരമിച്ച 19400 തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ 10 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| | 3) **പ്രസവാനുകൂല്യം 15,000/- രൂപയാക്കി വർദ്ധിപ്പിച്ചു :-** ക്ഷേമനിധി അംഗങ്ങളായ കയർ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി നൽകി വന്നിരുന്ന 1000/- രൂപ 27/06/2017 പ്രാബല്യത്തിൽ 15,000/- രൂപയായി വർദ്ധിപ്പിച്ചു.<br>4) **മുൻ സർക്കാരിന്റെ കാലത്ത് കയർ തൊഴിലാളികളുടെ തടഞ്ഞുവച്ച ആനുകൂല്യങ്ങൾ നൽകി:-** മുൻ സർക്കാരിന്റെ കാലത്ത് തടഞ്ഞുവച്ചിരുന്ന കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. 2013-14 മുതലുള്ള വിദ്യാഭ്യാസ ധനസഹായമായി 72 ലക്ഷം രൂപയും തൊഴിലാളികളുടെ 2015 മുതലുള്ള വിവാഹം, പ്രസവം, ചികിത്സ, അപകട മരണം, ശവസംസ്കാര ചെലവുകൾ തുടങ്ങിയ ആനുകൂല്യങ്ങൾക്കായി 52.85 ലക്ഷം രൂപയും വിതരണം ചെയ്തു. ഇതടക്കമുള്ള കയർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധിയിലേയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായി 4 കോടി രൂപ ഈ സർക്കാർ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ